# മലങ്കര ശ്ലൈഹികസിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ :356

നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

കർത്താവിൽ പ്രിയരെ,

125-ാമത് മാരാമൺ കൺവൻഷൻ 2020 ഫെബ്രുവരി മാസം 9-ാം തീയതി ഞായറാഴ്ച മുതൽ 16-ാം തീയതി ഞായറാഴ്ച വരെ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുവരികയാണ്. 9-ാം തീയതി ഞായറാഴ്ച 2.30 ന് കൂടുന്ന യോഗത്തിൽ കൺവൻഷന്റെ ഉദ്ഘാടനം നാം നിർവ്വഹിക്കുന്നതാണ്. ഈ വർഷത്തെ കൺവൻഷനിലെ മുഖ്യപ്രസംഗകരായി പെർത്തിലെ ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. കെയ് മാരി ഗോഡ്സ്വർത്തി (ഓസ്ട്രേലിയ), ബിഷപ്പ് ഡിനോ ഗബ്രിയേൽ (സൗത്ത് ആഫ്രിക്ക), റവ.ഡോ.മോണോദീപ് ഡാനിയേൽ (ഡൽഹി), റവ.ഡോ.ജോൺ സാമുവേൽ (ചെന്നൈ) എന്നിവർ പങ്കെടുക്കുന്നതാണ്. നമ്മുടെ സഭയിലെ അഭിവന്ദ്യ തിരുമേനിമാരും ഇതരസഭകളിലെ മേൽപ്പട്ടക്കാരും വിവിധ യോഗങ്ങളിൽ പ്രസംഗിക്കും.

തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ 7.30ന് സി.എസ്.എസ്.എമ്മിന്റെ നേതൃത്വത്തിലുള്ള കുട്ടികളുടെ യോഗങ്ങൾ കുട്ടിപ്പന്തലിൽ വച്ച് നടക്കുന്നതാണ്. അതോടൊപ്പം പുരുഷന്മാർക്കും സ്ത്രീകൾക്കുമുള്ള ബൈബിൾ ക്ലാസ്സുകൾ കൺവൻഷൻ പന്തലിൽ നടക്കും. എല്ലാ ദിവസവും രാവിലത്തെ പൊതുയോഗം 9.30 ന് ഗാനശുശ്രൂഷയോടുകൂടി ആരംഭിച്ച് 12 മണിക്ക് പര്യവസാനിക്കും. ഉച്ചകഴിഞ്ഞുള്ള പൊതുയോഗം 2 മണിക്ക് ആരംഭിച്ച് 3.30ന് അവസാനിപ്പിക്കും. സായാഹ്നയോഗങ്ങൾ വൈകിട്ട് 5 ന് ഗാനശുശ്രൂഷയോടുകൂടി ആരംഭിച്ച് 6.30 ന് സമാപിക്കും. ഈ യോഗങ്ങളിലെല്ലാം സ്ത്രീപുരുഷ ഭേദമെന്യേ എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്. കൺവൻഷൻ യോഗങ്ങളിൽ വരുന്നവർ പന്തലിനുള്ളിൽ പ്രവേശിച്ച് പ്രാർത്ഥനാപൂർവ്വം യോഗത്തിൽ പങ്കെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. അടുത്ത കാലത്ത് സമാപന ദിവസത്തോടുചേർന്ന് വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ ക്രമീകരിച്ചു വരുന്ന യുവവേദിയും തിങ്കൾ, ചൊവ്വ ദിവസങ്ങളിലെ കുടുംബവേദി യോഗങ്ങളും വൈകിട്ട് 4 മുതൽ 5 വരെ കുട്ടിപ്പന്തലിൽ വച്ച് നടത്തുന്നതാണ്. പൂർണ്ണസമയം സുവിശേഷവേലയ്ക്കു സമർപ്പിക്കുന്ന കുട്ടികളുടെ പ്രതിഷ്ഠാശുശ്രൂഷ ഫെബ്രുവരി 14, 15 തീയതികളിൽ (വെള്ളി, ശനി) രാവിലെ 7.30ന് കോഴഞ്ചേരി മാർത്തോമ്മാ പള്ളിയിൽ നടക്കുന്നതാണ്.

മാരാമൺ കൺവൻഷനിലെ അച്ചടക്കം അഭംഗുരം നിലനിർത്തുവാൻ ഏവരും ശ്രദ്ധിക്കണം. പന്തലും പരിസരവും വിശുദ്ധമാണെന്ന ചിന്ത ഏവരേയും ഭരിക്കണം. യോഗങ്ങളിൽ ജനങ്ങൾ ശുഭ്രവസ്ത്രധാരികളായി സംബന്ധിക്കുന്നതിൽ നിഷ്കർഷ പാലിക്കണം. ഒരു ആരാധനാലയത്തിൽ ഉപയോഗിക്കുന്നതിനു യോഗ്യമായ വസ്ത്രധാരണം ആയിരിക്കാൻ പുരുഷന്മാരും സ്ത്രീകളും പ്രത്യേകം ശ്രദ്ധിക്കണം. അമിതമായി ആഭരണങ്ങൾ അണിയുന്നതിനുള്ള പ്രവണത ഉപേക്ഷിച്ച് സാമൂഹ്യവിരുദ്ധർക്ക് അവസരം നൽകാതിരിപ്പാൻ സ്വയശിക്ഷണം പാലിക്കുന്നതിൽ വിശ്വാസസമൂഹം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. യോഗങ്ങളുടെ ഇടവേളകൾ പ്രാർത്ഥനയ്ക്കും ആത്മീയ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിനും ആളാംപ്രതി സുവിശേഷവേലയ്ക്കുമായി പ്രയോജനപ്പെടുത്തേണ്ടതാണ്. മണൽപ്പുറത്തും പരിസരപ്രദേശങ്ങളിലും ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും പുകയിലയുടെ ഉപയോഗവും പുകവലിയും വർജ്ജിക്കുന്ന ശ്രേഷ്ഠപാരമ്പര്യം നിലനിർത്തുവാൻ ശ്രദ്ധിക്കണം. കൺവൻഷൻ പരിസ്ഥിതി സൗഹൃദമായും ഹരിത നിയമാവലി അനുസരിച്ചും നടത്തുന്നതിൽ എല്ലാവരുടേയും സഹകരണം ഉണ്ടാകണം. വലിയ ഫ്ളെക്സുകൾ, പരസ്യബോർഡുകൾ എന്നിവ കൺവൻഷൻ മണൽപ്പുറത്ത് പ്രദർശിപ്പിക്കാതിരിക്കുന്നതിൽ എല്ലാവരും ജാഗ്രത പുലർത്തണം. ഭക്ഷണപദാർത്ഥങ്ങൾ പൊതിഞ്ഞുകൊണ്ടുവരുന്ന പത്രക്കടലാസുകളും നിലത്തിട്ടിരിക്കുവാനായി ഉപയോഗിക്കുന്ന പത്രക്കടലാസുകൾ ഉൾപ്പെടെയുള്ളവയും അവ ഉപയോഗിക്കുന്നവർ അവിടെനിന്ന് എഴുന്നേറ്റാൽ ഉടൻ സ്വയം എടുത്ത് പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന മാലിന്യസംഭരണികളിൽ ഇടുവാൻ ജാഗ്രത പുലർത്തണം. മണൽപ്പുറത്തും ഇരുകരകളിലും സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ക്രമീകരിച്ചിരിക്കുന്ന ശൗചാലയങ്ങളും ഇ-ടോയ്ലറ്റുകളും മാത്രം ഉപയോഗിക്കേണ്ടതാണ്. ശുദ്ധജലം ലഭ്യമാക്കുന്ന ടാപ്പിലെ ജലം കുടിവെള്ളത്തിനായി മാത്രമേ ഉപയോഗിക്കാവൂ. മറ്റു പൈപ്പുകളിൽനിന്നുള്ള ജലം മുഖം കഴുകുവാനോ കൈ കഴുകുവാനോ ഉപയോഗിക്കാവുന്നതാണ് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ഫെബ്രുവരി 9 ന് നടക്കുന്ന ഉദ്ഘാടനയോഗത്തിലും വെള്ളി, ശനി, ഞായർ എന്നീ ദിവസങ്ങളിലെ രാവിലത്തെ യോഗങ്ങളിലും ആണ് സ്തോത്രകാഴ്ച സ്വീകരിക്കുന്നത്. മറ്റു യോഗങ്ങളിൽ സംബന്ധിക്കുന്നവർക്ക് പന്തലിൽ ക്രമീകരിച്ചിരിക്കുന്ന പെട്ടികളിൽ സ്തോത്രകാഴ്ച സമർപ്പിക്കാവുന്നതാണ്. കൺവൻഷൻ ചെലവുകൾക്കായി ഉപയോഗിച്ചതിനുശേഷമുള്ള സ്തോത്രകാഴ്ച സുവിശേഷവേലയ്ക്കായും സഭയിലെ അംഗീകൃത സംഘടനകളുടെ പ്രവർത്തനങ്ങൾക്കായും നിശ്ചിത വ്യവസ്ഥയിൽ വിഭാഗിച്ചു കൊടുക്കുന്നതുമാണ്. യോഗത്തിൽ സംബന്ധിച്ച് സ്തോത്രകാഴ്ച അർപ്പിക്കുവാൻ സാധിക്കാത്തവർക്ക് അവരുടെ സ്തോത്രകാഴ്ച സുവിശേഷസംഘം ഓഫീസിലേക്ക് (ജനറൽ സെക്രട്ടറി, മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം, തിരുവല്ല - 689 101 എന്ന വിലാസത്തിൽ) നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്. കേരളത്തിന് പുറത്തുള്ള ചില ഇടവകകൾ കൺവൻഷൻ ആഴ്ചയിലുള്ള അതാത് ഇടങ്ങളിലെ ആരാധനാവേളയിൽ പ്രത്യേകസ്തോത്രകാഴ്ച എടുത്ത് മാരാമൺ കൺവൻഷൻ സ്തോത്രകാഴ്ചയായി സുവിശേഷസംഘം ഓഫീസിൽ അയച്ചുകൊടുക്കുന്ന പതിവുണ്ട്. ആയത് ഇതര ഇടവകകളും പിന്തുടരുന്നത് അഭികാമ്യമായിരിക്കും. അശരണരേയും അനാഥരേയും സഹായിക്കുവാൻ മന്ദിരങ്ങളുടെ സ്റ്റാളുകൾ സന്ദർശിച്ച് സംഭാവനകൾ നൽകണം.

മാരാമൺ കൺവൻഷൻ ആരംഭിച്ചിട്ട് 125 വർഷങ്ങൾ പൂർത്തിയാകുകയാണ്. ശതോത്തര രജതജൂബിലിയുടെ ഉദ്ഘാടനം കഴിഞ്ഞ വർഷം നാം നിർവ്വഹിച്ചിരുന്നു. രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ശതോത്തര രജത ജൂബിലി സമാപന സമ്മേളനം ഫെബ്രുവരി 15 ശനിയാഴ്ച രാവിലെയുള്ള പൊതുയോഗത്തിൽ നടക്കുന്നതാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ ആരംഭിച്ച് ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ മൂന്നാം ദശകത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന മാരാമൺ കൺവൻഷനായി ദൈവത്തെ സ്തുതിക്കാം.

ഈ വർഷത്തെ മാരാമൺ കൺവൻഷനിലൂടെ സഭയ്ക്കും സമൂഹത്തിനും ദേശത്തിനും ഉണർവ്വും പുതുജീവനും ലഭിപ്പാൻ ഏവരും നിരന്തരമായി പ്രാർത്ഥിക്കണം. അതിനായുള്ള ഒരുക്കപ്രാർത്ഥനകൾ ക്രമീകരിക്കുന്നതിനും അതിൽ പങ്കെടുക്കുന്നതിനും എല്ലാവരും ഉത്സാഹിക്കണം. സമർപ്പണത്തോടും പ്രാർത്ഥനയോടുംകൂടി ഈ വർഷത്തെ കൺവൻഷനിൽ നമുക്ക് പങ്കെടുക്കാം. കൃപ നിങ്ങളേവരോടുംകൂടി ഇരിക്കുമാറാകട്ടെ.

എന്ന് 2020 ജനുവരി 10-ാം തീയതി തിരുവല്ല പൂലാത്തീനിൽനിന്നും



**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**